**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1688 — 16.06.2014-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുന്നതിലെ അപാകതകൾ

| | ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവരാവകാശ നിയമമനുസരിച്ചുള്ള അപേക്ഷകളിൽ പല ഓഫീസുകളിൽ നിന്നും കൃത്യമായും വ്യക്തമായും മറുപടി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) | ഉണ്ട് |
| (ബി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കൃത്യമായ മറുപടി നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർ പിഴ ഒടുക്കേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ : | (ബി) | 2012 ജനുവരി മുതൽ 2014 മേയ് 31 വരെ കൃത്യമായ മറുപടി നൽകാത്തതിന്റെ പേരിൽ 153 ഉദ്യോഗസ്ഥർക്ക് പിഴ ഒടുക്കാൻ കമ്മീഷൻ ഉത്തരവിട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ ഇക്കാര്യം ഉൾപ്പെടുത്തണമെന്നും വകുപ്പുതല പരീക്ഷകളിൽ വിവരാവകാശ നിയമം പാഠ്യവിഷയമാക്കണമെന്നും വിവരാവകാശ കമ്മീഷന്റെ ശുപാർശ സർക്കാരിന് ലഭിച്ചിരുന്നോ : | (സി) | സേവന പുസ്തകത്തിൽ ചേർക്കണമെന്ന് ശുപാർശ ചെയ്തിട്ടില്ല. വകുപ്പ്തല പരീക്ഷകളിൽ ഇതു പാഠ്യവിഷയമാക്കണമെന്ന് ശുപാർശ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ എപ്പോഴാണ് ശുപാർശ ലഭിച്ചതെന്നും ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ : | (ഡി) യും (ഇ) യും | 07.11.2013-നാണ് പ്രസ്തുത ശുപാർശ സർക്കാരിൽ ലഭിച്ചത്. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് നിയമത്തിൽ തന്നെ വ്യവസ്ഥകളുണ്ട്. ഇതു പ്രകാരം ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാ നടപടികൾ എടുത്തു വരുന്നുണ്ട്. വകുപ്പുതല പരീക്ഷകളിൽ വിവരാവകാശനിയമം പാഠ്യവിഷയമാക്കണമെന്ന ശുപാർശയിന്മേൽ സർക്കാർ പി.എസ്.സി.യുടെ അഭിപ്രായം തേടിയിരിക്കുകയാണ്. |
| (ഇ) | ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ